**<u>രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് (ലേബർ കമ്മീഷണർ)-ന്റെ നടപടി ഉത്തരവ്</u>**
**(ഹാജർ: വി.കെ.ബാലകൃഷ്ണൻ. ഐ.എ.എസ്)**

വിഷയം:- കേരള റെക്കഗ്നിഷ്യൻ ഓഫ് ട്രേഡ് യൂണിയൻസ് ആക്ട്, 2010 ആന്റ് റൂൾസ്, 2011- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നത്- ഹിതപരിശോധന നടത്തുന്നതിന്- റിട്ടേണിംഗ് ആഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നമ്പർ.ഐ(5) 19354/2014** **തിരുവനന്തപുരം, തീയതി: 07.09.2015**

---

വായന:-

1) 17/09/2014, 02/12/2014 തീയതികളിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)-യുടെ PsI(b) 1465/2010/820/23.9.14 നമ്പർ കത്തുകൾ.
2) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രവർത്തിച്ചുവരുന്ന വിവിധ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ ഫോറം-എ-യിലെ അപേക്ഷ.
3) 05/11/2014, 22/01/2015, 03/03/2015 തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ കത്തുകൾ.
4) 28/02/2015 തീയതിയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ (രജി.നമ്പർ. 43/56) ജനറൽ സെക്രട്ടറിയുടെ കത്ത്.
5) 07/04/2015 തീയതിയിൽ ഈ ആഫീസിൽ നിന്നും അഡ്വക്കേറ്റ് ജനറലിനയച്ച കത്ത്.
6) 03/06/15 തീയതിയായി അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച നിയമോപദേശം.
7) ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ.എ.ഷാജി സമർപ്പിച്ച WP(C)നം.17171/2015 നമ്പർ കേസിലെ 09/06/2015 തീയതിയിലെ ഉത്തരവ്.
8) 17/06/2015, 23/07/2015, 18/08/2015 എന്നീ തീയതികളിൽ ഈ ആഫീസിൽ നിന്നും ഐ.എൻ.ടി.യു.സി. പ്രസിഡന്റ് ശ്രീ.ആർ. ചന്ദ്രശേഖരനും, കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി.നമ്പർ.01./14/87) ജനറൽ സെക്രട്ടറിമാർക്ക് അയച്ച കത്തുകൾ.
9) 17/06/2015, 26/06/2015, 17/08/2015 എന്നീ തീയതികളിലായി ശ്രീ.ആർ.ചന്ദ്രശേഖരൻ, ഐ.എൻ.ടി.യു.സി. പ്രസിഡന്റ് സമർപ്പിച്ച അപേക്ഷകൾ
10) 29/07/2015 തീയതിയിലെ ഐ(5) 19354/14 നമ്പർ ഉത്തരവ്.
11) 31/08/2015 തീയതിയിലെ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസ് (രജി.നമ്പർ. 01/22/96) എന്ന യൂണിയന്റെ പേരിൽ ശ്രീ.ആർ.ചന്ദ്രശേഖരൻ, ഐ.എൻ.ടി.യു.സി. പ്രസിഡന്റ് സമർപ്പിച്ച ഫോറം.എ-യിലെ അപേക്ഷയും ചെലാനും.
12) 04/08/2015 തീയതിയിൽ ഈ ആഫീസിൽ നിന്നും മടക്കി അയച്ച അപേക്ഷയും ചെലാനും.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നതിനായി ഹിതപരിശോധന (റഫറണ്ടം) നടത്തണമെന്ന് വായന (1)-ലെ 17/09/2014-ലെ കത്ത് പ്രകാരം സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) ആവശ്യപ്പെട്ടിരുന്നു. ടി സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ ലിസ്റ്റ് മാനേജ്മെന്റ് സമർപ്പിച്ചത് പ്രകാരം ഹിതപരിശോധനയിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള ട്രേഡ് യൂണിയനുകൾ 1000/- രൂപ ഫീസൊടുക്കി, നിർദ്ദിഷ്ട ഫോറം-എയിൽ അപേക്ഷ സമർപ്പിക്കുന്നതിന് 2011-ലെ കേരള റെക്കഗ്നിഷ്യൻ ഓഫ് ട്രേഡ് യൂണിയൻസ് ചട്ടം 6(5) പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത നോട്ടീസിന്റെ ഒരു പ്രതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

തുടർന്ന് നിർദ്ദിഷ്ട ഫീസൊടുക്കി നിശ്ചിത തീയതിക്കകം 14 യൂണിയനുകൾ ഫോറം-എയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപേക്ഷ സമർപ്പിച്ച യൂണിയനുകൾക്ക്

10/03/2015–ന് ഹിയറിംഗിന് ഹാജരാകുവാൻ 2011–ലെ കേരള റെക്കഗ്നിഷ്യൻ ഓഫ് ട്രേഡ് യൂണിയൻസ് റൂൾസ് 6(1) പ്രകാരം ഫോറം–ബിയിൽ നോട്ടീസ് നൽകുകയും ഹിയറിംഗിന് അവസരം നൽകുകയും ചെയ്തു. എന്നാൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ റഫറണ്ടത്തിൽ പങ്കെടുക്കുന്നില്ലായെന്ന് വായന (4) പ്രകാരം എഴുതി അറിയിക്കുകയും ഹിയറിംഗിൽ നിന്നു വിട്ടുനിൽക്കുകയും ചെയ്തു.

ഹിയറിംഗിന് ഹാജരായ ട്രേഡ് യൂണിയനുകൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി.നമ്പർ. 01/14/87) എന്ന യൂണിയന്റെ പേരിൽ വിവിധ വ്യക്തികൾ ഭാരവാഹികളായി 4 അപേക്ഷകൾ സമർപ്പിക്കപ്പെട്ടതായി കണ്ടു.

ഒരേ രജിസ്റ്റർ നമ്പരിലുള്ള ഒരേ സംഘടനയുടെ പേരിൽ അതേ ട്രേഡ് യൂണിയന്റെ 4 വിഭാഗങ്ങൾ പങ്കെടുക്കുന്നത് നിയമാനുസൃതമാണോയെന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടുകയും വായന (6) പ്രകാരം നിയമോപദേശം ലഭ്യമായിട്ടുള്ളതുമാണ്.

"ഐ.എൻ.ടി.യു.സി–യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി.നമ്പർ.01/14/87) എന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയന്റെ വിവിധ വിഭാഗങ്ങൾ സമർപ്പിച്ചിരുന്ന ഫോറം–എയിലെ അപേക്ഷകൾക്ക് നിലനിൽപ്പില്ലായെന്നും ഈ അപേക്ഷകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് തിരികെ നൽകി പ്രസ്തുത ട്രേഡ് യൂണിയന്റെ പേരിൽ നിർദ്ദിഷ്ട രീതിയിൽ നടപടിക്രമങ്ങൾ പാലിച്ച് ഒരു അപേക്ഷയായി പൂരിപ്പിച്ച് സമയബന്ധിതമായി തിരികെ സമർപ്പിക്കുവാൻ നിർദ്ദേശം നൽകുവാനും അപ്രകാരം നിശ്ചയിക്കപ്പെടുന്ന സമയം വരെ റഫറണ്ടം നടപടികൾ നിർത്തിവെയ്ക്കണം" എന്നുമായിരുന്നു നിയമോപദേശത്തിന്റെ പ്രസക്തഭാഗം.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) രജി.നമ്പർ. 01/14/87 എന്ന ട്രേഡ് യൂണിയന്റെ 4 വിഭാഗങ്ങൾ ഈ ആഫീസിൽ സമർപ്പിച്ച ഫോറം–എയിലെ അപേക്ഷയും അനുബന്ധ രേഖകളും വായന (8)ലെ 17/06/2015 തീയതിയിൽ രജിസ്റ്റേർഡ് എ/ഡി യായി മടക്കി നൽകുകയും ടി വിഭാഗങ്ങളോട് ഫോറം.എ–യിൽ ഒറ്റ അപേക്ഷയായി നിർദ്ദിഷ്ട ഫീസൊടുക്കി 15 ദിവസത്തിനകം ഈ ആഫീസിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടി യൂണിയന്റെ പേരിൽ ഒറ്റ അപേക്ഷ ലഭിച്ചില്ലായെങ്കിൽ ഈ യൂണിയന്റെ അഭാവത്തിൽ തന്നെ റഫറണ്ടം നടത്തുന്നതിനുള്ള തുടർനടപടികളുമായി മുന്നോട്ട് പോകുന്നതാണെന്നും അറിയിച്ചിരുന്നു.

എന്നാൽ വായന (9)ലെ 17/06/2015 തീയതിയിലെ കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നടക്കാൻ പോകുന്ന റഫറണ്ടത്തിൽ ഒരേ പേരിലും, ഒരേ രജിസ്റ്റർ നമ്പരിലും ഒരേ അഫിലിയേഷൻ നമ്പരിലുമുള്ള കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ഒറ്റ യൂണിയനായി അപേക്ഷ സമർപ്പിക്കുവാൻ ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഒരു പൊതുധാരണ ഉണ്ടാക്കി എത്രയും പെട്ടെന്ന് അറിയിക്കുന്നതാണെന്നും അതുവരെ മറ്റ് മേൽനടപടികൾ നിർത്തിവയ്ക്കണമെന്നും ഐ.എൻ.ടി.യു.സി. പ്രസിഡന്റ് ശ്രീ.ആർ.ചന്ദ്രശേഖരൻ അഭ്യർത്ഥിച്ചതുപ്രകാരം വീണ്ടും 15 ദിവസത്തെ സമയം കൂടി അനുവദിച്ചുകൊണ്ട് വായന (8)ലെ 23/07/2015 തീയതിയായി കത്ത് നൽകുകയും ടി കത്ത് 27/07/2015–ന് കൈപ്പറ്റിയിട്ടുള്ളതായി എ/ഡി കാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ചുനൽകിയ സമയപരിധിക്കുള്ളിൽ ഒറ്റ ഫോറം.എ അപേക്ഷ നൽകുന്നതിന് കഴിയാത്തതിനാൽ വായന (9)ലെ 17/08/2015 തീയതിയിലെ കത്ത് പ്രകാരം വീണ്ടും സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെടുകയും വായന (8)ലെ 18/08/2015 തീയതിയിലെ കത്ത് പ്രകാരം 31/08/2015 തീയതി വരെ സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ റഫറണ്ടത്തിൽ യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (രജി.നമ്പർ. 01/01/2003) എന്ന

യൂണിയനെ പങ്കെടുപ്പിക്കുന്നതിനെതിരെ ശ്രീ.എ.ഷാജി ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി വായന (7) പ്രകാരം വിധി പ്രസ്താവിക്കുകയും വായന (10) പ്രകാരം രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് ശ്രീ.എ.ഷാജി സമർപ്പിച്ച പരാതി നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ നാലു വിഭാഗങ്ങളും ചേർന്ന് ഒറ്റ അപേക്ഷയായി സമർപ്പിക്കുവാൻ അനുവദിച്ചിരുന്ന സമയപരിധി തീർന്ന ദിവസം തന്നെ വായന (11) പ്രകാരം ഐ.എൻ.ടി.യു.സി. പ്രസിഡന്റ് ശ്രീ.ആർ.ചന്ദ്രശേഖരൻ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസ് (രജി.നമ്പർ. 01/22/96) എന്ന യൂണിയന്റെ പേരിൽ ഫോറം-എയിൽ അപേക്ഷയും നിർദ്ദിഷ്ട ഫീസ് ഒടുക്കിയ ഒറിജിനൽ ചെലാൻ രസീത് ഹാജരാക്കുകയും ചെയ്തു. എന്നാൽ റഫറണ്ടത്തിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാനുള്ള സമയപരിധി കഴിഞ്ഞതിനാൽ വായന (12) പ്രകാരം ടി അപേക്ഷ മടക്കി നൽകുകയുണ്ടായി.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം അനുസരിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി.നമ്പർ. 01/14/87) എന്ന യൂണിയന്റെ 4 വിഭാഗങ്ങളും ചേർന്ന് ഒറ്റ അപേക്ഷ സമർപ്പിക്കുവാൻ അനുവദിച്ചിരുന്ന സമയപരിധി കഴിഞ്ഞിട്ടും നിർദ്ദിഷ്ട രീതിയിൽ ഏക അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി യൂണിയന്റെ 4 വിഭാഗങ്ങളുടെയും അപേക്ഷ തള്ളി തീരുമാനിക്കുന്നു.

10/03/2015-ന് നടന്ന ഹിയറിംഗിൽ പങ്കെടുത്ത യൂണിയനുകൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ (രജി.നമ്പർ. 07/10/14) എന്ന യൂണിയൻ 18/10/2014 തീയതിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് ആക്ട്, 2010-ലെ സെക്ഷൻ 4-(3)(1) പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിൽ രജിസ്റ്റേർഡ് ട്രേഡ് യൂണിയൻ എന്ന നിലയിൽ ഫോറം-എ അപേക്ഷ നൽകുന്നതിന് മുൻപ് കുറഞ്ഞത് 6 മാസം എങ്കിലും പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയന് മാത്രമേ റഫറണ്ടത്തിൽ പങ്കെടുക്കുവാൻ അർഹത ഉള്ളു. ആയതിനാൽ ടി യൂണിയനെ റഫറണ്ടത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഹിയറിംഗിന് ഹാജരായ യൂണിയനുകൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന ട്രേഡ് യൂണിയനുകൾ അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തെരഞ്ഞെടുപ്പിൽ (റഫറണ്ടം) പങ്കെടുക്കുവാൻ യോഗ്യമാണെന്ന് കണ്ടെത്തി. ടി യൂണിയനുകളുടെ പേര് ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ (രജി.നമ്പർ. 54/71)
2. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (രജി.നമ്പർ. 444/75)
3. യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (രജി.നമ്പർ. 01/01/2003)
4. ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസ് (രജി.നമ്പർ. 01/53/96)
5. കേരള പവർ വർക്കേഴ്സ് കോൺഗ്രസ് (രജി.നമ്പർ. 01/05/06)
6. കേരള വൈദ്യുതി മസ്ദൂർ സംഘ് (രജി.നമ്പർ. 07/32/91)
7. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് ഓർഗനൈസേഷൻ (രജി.നം.30/84)
8. കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (രജി.നമ്പർ. 03/05/10)

ഇതു സംബന്ധിച്ച അന്വേഷണ നടപടികൾ പൂർത്തിയായപ്പോൾ ഒന്നിൽ കൂടുതൽ യോഗ്യമായ അപേക്ഷക യൂണിയനുകൾ ഉണ്ടെന്ന് കണ്ടതിനാൽ കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ വകുപ്പ് 5(4) പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് രഹസ്യ ബാലറ്റ് മുഖേനയുള്ള തെരഞ്ഞെടുപ്പ് (റഫറണ്ടം) നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇത്തരത്തിൽ തെരഞ്ഞെടുപ്പ് നടത്തുവാൻ ശ്രീ.പി.ജെ.ജോയി, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ എറണാകുളം എന്ന ഉദ്യോഗസ്ഥനെ 2010-ലെ കേരള റെക്കഗ്നിഷൻ

ഓഫ് ട്രേഡ് യൂണിയൻ ചട്ടങ്ങൾ, ചട്ടം (10) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റിട്ടേണിംഗ് ആഫീസറായി നിയമിച്ച് ഉത്തരവാകുന്നു. നിയമന ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം റിട്ടേണിംഗ് ആഫീസർ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള അംഗീകാരവുമായി ബന്ധപ്പെട്ട നടപടിക്രമം പൂർത്തിയാക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം മുതൽ കൈക്കൊള്ളുന്ന ഓരോ നടപടി സംബന്ധിച്ചും രജിസ്ട്രാറെ രേഖാമൂലം അറിയിക്കേണ്ടതും, എന്തെങ്കിലും വിഷയം സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യമെങ്കിൽ രജിസ്ട്രാറോട് യഥാസമയം ആരായേണ്ടതും, അധികാരപ്പെടുത്തിയിട്ടുള്ള ചുമതലകളെല്ലാം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കി, ആയത് സംബന്ധിച്ച റിപ്പോർട്ടും ഓരോ യൂണിയനും ലഭിച്ച സാധുവായ വോട്ടുകളുടെ കണക്ക് സഹിതം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ചട്ടം (13) പ്രകാരം തൊഴിലുടമ, തെരഞ്ഞെടുപ്പ് വിജ്ഞാപന തീയതി മുതൽ ഏഴു ദിവസത്തിനുള്ളിൽ വോട്ടർ പട്ടിക സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ഉടൻ തന്നെ പകർപ്പ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന എല്ലാ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്കും നൽകേണ്ടതുമാണ്.

*(ഒപ്പ്)*
***രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ്***
**(ലേബർ കമ്മീഷണർ)**

1. ശ്രീ.പി.ജെ. ജോയി, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം.
2. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം– 695 004
3. ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ, രജി. നമ്പർ. 54/71, ബി.റ്റി.ആർ. മെമ്മോറിയൽ, മേലേ തമ്പാനൂർ, തിരുവനന്തപുരം.–695001
4. ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ, രജി. നമ്പർ. 444/75, ജെ. ചിത്തരഞ്ജൻ സ്മാരകം, ഡബ്ല്യു&സി ഹോസ്പിറ്റൽ റോഡ്, തൈയ്ക്കാട്, തിരുവനന്തപുരം.–695014
5. ജനറൽ സെക്രട്ടറി, യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട്, രജി.നമ്പർ.01/01/2003, വി.പി.മരയ്ക്കാർ സ്മാരക മന്ദിരം, അംബുജ വിലാസം റോഡ്, തിരുവനന്തപുരം.–695001
6. ജനറൽ സെക്രട്ടറി, ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസ്, രജി.നമ്പർ.01/53/96, എച്ച്.ക്യു.മിഥുനം, ടി.സി.41/2507(1), മണക്കാട്.പി.ഒ., തിരുവനന്തപുരം
7. ജനറൽ സെക്രട്ടറി, കേരള പവർ വർക്കേഴ്സ് കോൺഗ്രസ്, രജി.നമ്പർ.01/05/06, വ്യാസനഗർ, പരുത്തിപ്പാറ, പട്ടം.പി.ഒ., തിരുവനന്തപുരം– 695 004
8. ജനറൽ സെക്രട്ടറി, കേരള വൈദ്യുതി മസ്ദൂർ സംഘ്, രജി.നമ്പർ.07/32/91, മസ്ദൂർ ഭവൻ, മാറയിൽ ലെയ്ൻ, ചിറ്റൂർ റോഡ്, എറണാകുളം.
9. ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് ഓർഗനൈസേഷൻ, രജി.നമ്പർ.30/84, എസ്.റ്റി.യു ഹൗസ്, ഗാന്ധാരി അമ്മൻ കോവിൽ റോഡ്, തിരുവനന്തപുരം.–1
10. ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ രജി.നമ്പർ. 03/05/10, പൂവത്തിങ്കൽ ഹൗസ്, കല്ലടിക്കോട് (പി.ഒ), പാലക്കാട്– 678 596

അംഗീകാരത്തോടെ,

കെ.ശ്രീലാൽ,
ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം).

*വിജെ: 08/09/15*